പതിനാലാം കേരള നിയമസഭ

പതിനാറാം സമ്മേളനം

നക്ഷത്ര ചിഹ്നമിടാത്ത നിയമസഭാ ചോദ്യം നം. 1334

31/10/2019-ൽ മറുപടിയ്ക്ക്

**5 കോടി, 3 കോടി, 1 കോടി പദ്ധതിയിൽ ഉൾപ്പെട്ട സ്കൂളുകളിലെ പദ്ധതി പ്രവർത്തനങ്ങൾ**

| ചോദ്യം<br>ശ്രീ ടി. വി. ഇബ്രാഹിം | മറുപടി<br>പ്രൊഫ.സി.രവീന്ദ്രനാഥ്<br>(പൊതുവിദ്യാഭ്യാസ വകുപ്പ് മന്ത്രി) |
|---|---|
| (എ) സംസ്ഥാനത്ത് 5 കോടി, 3 കോടി, 1 കോടി പദ്ധതിയിൽ ഉൾപ്പെട്ട സ്കൂളുകളിലെ പദ്ധതി പ്രവർത്തനങ്ങളുടെ പുരോഗതി അറിയിക്കാമോ; | (എ) (എ) അടിസ്ഥാന സൗകര്യ വികസനത്തിനായി 5 കോടി കിഫ്ബി ധനസഹായത്തോടെ 2017-18 ലെ ബഡ്ജറ്റിൽ അനുവദിച്ച - 141 സ്കൂളുകളിൽ 138 സ്കൂളുകളുടെ നിർമ്മാണം ആരംഭിച്ചു 3 സ്കൂളുകളുടെ ടെണ്ടർ നടപടികൾ പൂർത്തീകരിച്ച് വർക്ക് അവാർഡ് ചെയ്തു. 2017-18 ലെ ബഡ്ജറ്റ് പ്രസംഗത്തിന്റെ അടിസ്ഥാനത്തിൽ അടിസ്ഥാന സൗകര്യ വികസനത്തിനായുള്ള 3 കോടി പദ്ധതിയുടെ ഭാഗമായി ഭരണാനുമതി ലഭിച്ച 213 സ്കൂളുകളിൽ 70 സ്കൂളുകളുടെ നിർമ്മാണം ആരംഭിച്ചു, 28 സ്കൂളുകളുടെ DPR കിഫ്ബിയുടെ അംഗീകാരത്തിനായി സമർപ്പിച്ചിട്ടുണ്ട്. 115 സ്കൂളുകൾക്ക് കിഫ്ബിയുടെ അനുമതി ലഭ്യമായിട്ടുള്ളതിൽ 26 സ്കൂളുകളുടെ നിർമ്മാണത്തിനായി കൈറ്റ് ടെണ്ടർ നടപടികൾ പൂർത്തിയാക്കി വർക്ക് അവാർഡ് ചെയ്തു. 39 സ്കൂളുകളുടെ നിർമ്മാണച്ചുമതല SPV യായി ഇൻകലിന് നൽകിയിട്ടുള്ളതിൽ 25 സ്കൂളുകളുടെ ടെണ്ടർ നടപടികൾ സ്വീകരിച്ചിട്ടുണ്ട്. 2017-18 വർഷത്തിൽ ഭരണാനുമതി നൽകിയ, നിലവിൽ വർക്ക് ഓർഡർ നൽകാത്ത സ്കൂളുകളിലെ 50 സ്കൂളുകളിൽ പദ്ധതി നടപ്പിലാക്കാൻ എസ്.പി.വിയായി വാപ്കോസിനെ (WAPCOS) ചുമതലപ്പെടുത്തണം എന്നാവശ്യപ്പെട്ട് കൈറ്റ് സമർപ്പിച്ച ശുപാർശ സർക്കാർ പരിശോധിച്ചു വരുന്നു. 3 കോടി കിഫ്ബി ധനസഹായത്തോടെ 2018-19 ലെ ബഡ്ജറ്റിൽ 1000 കുട്ടികളിൽ കൂടുതൽ പഠിക്കുന്ന 166 സ്കൂളുകൾക്ക് ഭരണാനുമതി നൽകുകയുണ്ടായി. പ്രസ്തുത സ്കൂളുകളുടെ നിർമ്മാണത്തിനു SPV യായി INKEL നെ ചുമതലപ്പെടുത്തി. ഇതിൽ 76 സ്കൂളുകൾ INKEL ന്റെ പ്രതിനിധികൾ നേരിട്ട് സന്ദർശിക്കുകയും 51 സ്കൂളുകളുടെ DPR തയ്യാറാക്കിയിട്ടുണ്ട്. ഒരു കോടി |

കിഫ്ബി ധനസഹായത്തോടെ 2018-19 ലെ ബഡ്ജറ്റിൽ 500 നും 1000 നും ഇടയിൽ കുട്ടികൾ പഠിക്കുന്ന 446 സ്കൂളുകൾക്ക് ഭരണാനുമതി നൽകുകയുണ്ടായി. പ്രസ്തുത സ്കൂളുകളുടെ നിർമ്മാണത്തിന്റെ SPV യായി KILA യെയും ചുമതലപ്പെടുത്തിയിട്ടുണ്ട്. തുടർ നടപടികൾ സ്വീകരിച്ചു വരുന്നു.

(ബി) കൊണ്ടോട്ടി മണ്ഡലത്തിലെ മൂന്നു കോടി പദ്ധതിയിൽ ഉൾപ്പെട്ട ജി.എച്ച്.എസ്.എസ്. കൊട്ടപ്പുറം, ജി.എച്ച്.എസ്. എസ്. വാഴക്കാട്, ജി.എച്ച്.എസ്. ചാലിയപ്പുറം, ജി.വി.എച്ച് എസ്. ഓമാനൂർ, ജി.എം.യു.പി.എസ്. കൊണ്ടോട്ടി, ജി.യു.പി.എസ്. ചിറയിൽ എന്നീ സ്കൂളുകളുടെ പ്രവൃത്തി ടെൻഡർ പൂർത്തിയായിട്ടുണ്ടോ, നടപടികൾ അറിയിക്കാമോ;

(ബി) കൊണ്ടോട്ടി മണ്ഡലത്തിലെ മൂന്നു കോടി പദ്ധതിയിൽ ഉൾപ്പെട്ട ജി.എച്ച്.എസ്.എസ്. കൊട്ടപ്പുറം, ജി.എച്ച്.എസ്.എസ്. വാഴക്കാട്, ജി.എച്ച്.എസ്. ചാലിയപ്പുറം എന്നീ സ്കൂളുകളുടെ നിർമ്മാണം SPV ആയ KITE നെ ചുമതലപ്പെടുത്തിയിരുന്നു. എന്നാൽ പ്രസ്തുത സ്കൂളുകളുടെ നിർമ്മാണത്തിന് SPV ആയി WAPCOS നെ ചുമതലപ്പെടുത്തണമെന്ന കൈറ്റിന്റെ ആവശ്യം സർക്കാർ പരിഗണിച്ചു വരുന്നു. ജി.വി.എച്ച്.എസ്. ഓമാനൂർ, ജി.എം.യു.പി.എസ്. കൊണ്ടോട്ടി, ജി.യു.പി.എസ്. ചിറയിൽ എന്നീ സ്കൂളുകൾക്ക് 2018-19 സാമ്പത്തിക വർഷം ഭരണാനുമതി ലഭിക്കുകയും പ്രസ്തുത സ്കൂളുകളുടെ നിർമ്മാണത്തിന് SPV യായി INKEL നെ ചുമതലപ്പെടുത്തുകയും ചെയ്തിട്ടുണ്ട്. DPR തയ്യാറാക്കുന്നതിന് നടപടി സ്വീകരിച്ച് വരുന്നു.

(സി) കൊണ്ടോട്ടി മണ്ഡലത്തിൽ ഒരു കോടി പദ്ധതിയിൽ ഉൾപ്പെട്ട ജി.എച്ച്.എസ്.എസ്. ചുള്ളിക്കോട്, ജി.എച്ച്.എസ്.എസ്. മുതുവല്ലൂർ, ജി.യു.പി.എസ്. ചീക്കോട്, ജി.എം.യു.പി.എസ്. വാഴക്കാട്, ജി.എച്ച്.എസ്.എസ്. തടത്തിൽ പറമ്പ് എന്നീ സ്കൂളുകളിലെ പ്രവൃത്തി ടെൻഡർ പൂർത്തിയായോ, വിശദാംശങ്ങൾ അറിയിക്കാമോ?

കൊണ്ടോട്ടി മണ്ഡലത്തിൽ ഒരു കോടി പദ്ധതിയിൽ ഉൾപ്പെട്ട ജി.എച്ച്.എസ്.എസ്. ചുള്ളിക്കോട്, ജി.എച്ച്.എസ്.എസ്. മുതുവല്ലൂർ, ജി.യു.പി.എസ്. ചീക്കോട്, ജി.എം.യു.പി.എസ്. വാഴക്കാട്, ജി.എച്ച്.എസ്.എസ്. തടത്തിൽപറമ്പ് എന്നീ സ്കൂളുകളുടെ നിർമ്മാണത്തിന് SPV യായി KILA യെ ചുമതലപ്പെടുത്തിയിട്ടുണ്ട്. തുടർനടപടികൾ സ്വീകരിച്ചു വരുന്നു.

Namitha.P

**സെക്ഷൻ ഓഫീസർ**